**മഹാത്മാ ഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560
ഫോൺ:0481-2733512

## വാർത്താക്കുറിപ്പ്

**2023 മെയ് 10**

---

## ടൂറിസം നേതൃത്വ പരിശീലന പരിപാടി; പ്രവേശനത്തിന് രജിസ്റ്റർ ചെയ്യാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും സംയുക്തമായി മെയ് 18ന് ആരംഭിക്കുന്ന ടൂറിസം നേതൃത്വ പരിശീലന പരിപാടിയുടെ രണ്ടാം ബാച്ചിൽ പ്രവേശനത്തിന് ഇപ്പോൾ രജിസ്റ്റർ ചെയ്യാം. ആദ്യ ബാച്ചിൽ വിവിധ ജില്ലകളിൽനിന്നുള്ള 35 പേർ വിജയകരമായി പരിശീലനം പൂർത്തീകരിച്ചിരുന്നു.

സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിന് ഉപകരിക്കുന്ന പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കു വഹിക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുകയാണ് മൂന്നു ദിവസത്തെ പരിപാടിയുടെ ലക്ഷ്യം.

വിദ്യാർഥികളുടെ വിനോദയാത്രകൾ അപകടരഹിതമാക്കുന്നതിനും കോളജുകളിൽ ടൂറിസം ക്ലബുകളുടെ പ്രവർത്തനം സജീവമാക്കുന്നതിനും ടൂറിസം, ഹോസ്പിറ്റാലിറ്റി മേഖലയുടെ ആഗോള പ്രസക്തിയെക്കുറിച്ച് അറിവു നൽകുന്നതിനും പരിശീലനം ഉപകരിക്കും.

വിനോദസഞ്ചാര മേഖല നേരിടുന്ന പ്രതിസന്ധികൾ അതിജീവിക്കുന്നതിനുള്ള മാർഗങ്ങളും ടൂറിസം കേന്ദ്രമെന്ന നിലയിൽ കേരളത്തെ ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനുമുള്ള സാധ്യതകളും പരിശോധിക്കുന്ന ക്ലാസുകൾ, ചർച്ചകൾ, ശിൽപ്പശാലകൾ ഇതിന്റെ ഭാഗമായി നടക്കും.

പുതിയൊരു വിനോദസഞ്ചാര കേന്ദ്രം വികസിപ്പിക്കുന്നതിനെക്കുറിച്ച് അറിയാൻ ഡെസ്റ്റിനേഷൻ വിസിറ്റും സംഘടിപ്പിച്ചിട്ടുണ്ട്. ഹോസ്പിറ്റാലിറ്റി മാനേജ്മന്റ്, ആഗോള വിനോദസഞ്ചാര മേഖലയിലെ പുതിയ പ്രവണതകൾ, ടൂർ ഓപ്പറേഷൻ, വിനോദസഞ്ചാര മേഖയിൽ സാമൂഹ്യ മാധ്യമങ്ങളുടെ സാധ്യതകൾ, ഡെസ്റ്റിനേഷൻ നവീകരണം എന്നിവയും പരിശീലന വിഷയങ്ങളാണ്. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകും.

രജിസ്റ്റർ ചെയ്യുന്നതിന് 9995553828, 7510910533, 8111948600 എന്നീ നമ്പരുകളിൽ വിളിക്കാം.

(പി.ആർ.ഒ/39/490/2023)

## എം.ജി സർവകലാശാലയിൽ ഫാക്കൽറ്റി ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസിൽ അപ്ലൈഡ് ജിയോളജിയിൽ സംവരണ വിഭാഗത്തിലെ നാല് ഒഴിവുകളിൽ കരാറടിസ്ഥാനത്തിൽ ഫാക്കൽറ്റി നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഏകീകൃത ശമ്പള വ്യവസ്ഥയിൽ ഒരു അക്കാദമിക് വർഷത്തേക്കാണ്(2023 ജൂൺ 15 മുതൽ 2024 ഏപ്രിൽ 15 വരെ) നിയമനം. വാർഷിക വിലയിരുത്തലിൻറെ അടിസ്ഥാനത്തിൽ സേവന കാലം നാലു വർഷം വരെ ദിർഘിപ്പിച്ചേക്കാം.

പ്രായപരിധി യു.ജി.സി ചട്ടപ്രകാരമുള്ള അസിസ്റ്റൻറ് പ്രൊഫസർ നിയമനത്തിൻറേതാണ്. കോളജുകളിൽനിന്നും സർവകലാശാലകളിൽ നിന്നും വിരമിച്ച 2023 ജനുവരി ഒന്നിന് 70 വയസ്സ് കവിയാത്ത അധ്യാപകരെയും പരിഗണിക്കും.

യു.ജി.സി നിഷ്കർഷിക്കുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം. ഏകീകൃത ശമ്പള വ്യവസ്ഥയിൽ പ്രതിമാസം 43750 രൂപയാണ് ശമ്പളം.

താല്പര്യമുള്ളവർ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷ പൂരിപ്പിച്ച് വയസ്, സംവരണം, യോഗ്യത, അധിക യോഗ്യതകൾ എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതം രജിസ്ട്രാർ, മഹാത്മാ ഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം - 686 560 എന്ന വിലാസത്തിലേക്ക് തപാലിൽ അയയ്ക്കണം. മെയ് 15 വരെ അപേക്ഷ സ്വീകരിക്കും.

കൂടുതൽ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/491/2023)

## ഡിപ്ലോമ കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും(ഐ.യു.സി.ഡി.എസ്) കോതമംഗലം ഫിസ് വാലിയും സംയുക്തമായി ജെറിയാട്രിക് റീഹാബിലിറ്റേഷൻ ആൻറ് വെൽനെസ്സ് എന്ന വിഷയത്തിൽ ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നു.

പ്രീ ഡിഗ്രി അല്ലെങ്കിൽ പ്ലസ് ടു ആണ് അടിസ്ഥാന യോഗ്യത. പ്രായപരിധിയില്ല.

വിവിധ കേന്ദ്രങ്ങളിലായി ഓൺലൈൻ, ഓഫ് ലൈൻ ക്ലാസുകൾ ഉണ്ടായിരിക്കും.

രജിസ്ട്രേഷൻ ഫീസ് 9000 രൂപ.

താൽപര്യമുള്ളവർ iucdsmgu@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. ഫോൺ: 0481 2731580, 9947922791.

(പി.ആർ.ഒ/39/492/2023)

## സർട്ടിഫിക്കറ്റ് കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ(ഐ.യു.സി.ഡി.എസ്) ബേസിക് കൗൺസിലിംഗ് ആൻറ് സൈക്കോതെറാപ്പിയിൽ 13 ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. iucdsmgu@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യാം. ഫോൺ: 8547165178, 0481 2731580.

(പി.ആർ.ഒ/39/493/2023)

## പരീക്ഷാ ടൈം ടേബിൾ

ഒന്ന്, രണ്ട് സെമസ്റ്ററുകൾ സി.ബി.സി.എസ്.എസ്(2009 മുതൽ 2012 വരെ അഡ്മിഷനുകൾ - സെമസ്റ്റർ ഇംപ്രൂവ്മെൻറും മെഴ്സി ചാൻസും) ബിരുദ പരീക്ഷകളോടൊപ്പം കൂടതൽ പേപ്പറുകൾ ഉൾപ്പെടുത്തി. പരീക്ഷകൾ യഥാക്രമം മെയ് 25,26 തീയതികളിലും ജൂൺ ഏഴ്, ഒൻപത് തീയതികളിലും നടക്കും.

(പി.ആർ.ഒ/39/494/2023)

## പ്രാക്ടിക്കൽ

2023 മാർച്ചിൽ വിജ്ഞാപനം പുറപ്പെടുവിച്ച ഒന്നാം സെമസ്റ്റർ എം.എസ്.സി ആർട്ടിഫിഷ്യൽ ഇൻറലിജൻസ്(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2021,2020 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ മെയ് 12, 16, 17 തീയതികളിൽ അതത് കോളജുകളിൽ നടക്കും.

(പി.ആർ.ഒ/39/495/2023)

## വൈവ വോസി

മൂന്നാം സെമസ്റ്റർ എം.എഡ്(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി(രണ്ട് വർഷ കോഴ്സ്) - ഏപ്രിൽ 2023) പരീക്ഷയുടെ വൈവ വോസി പരീക്ഷ മെയ് 22 മുതൽ 30 വരെ മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിൽ നടത്തും. വിദ്യാർഥികൾ ഹാൾ ടിക്കറ്റും തീസീസിൻറെ രണ്ടു പകർപ്പുകളുമായി പരീക്ഷയ്ക്ക് ഹാജരാകണം. ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/496/2023)

## പരീക്ഷാ ഫലം

2022 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ പി.ജി.സി.എസ്.എസ് മാസ്റ്റർ ഓഫ് സയൻസ് ഇൻ ഇലക്ട്രോണിക്സ്(2021 അഡ്മിഷൻ റഗുലർ, സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷമ പരിശോധനയക്കും മെയ് 25 വരെ ഫീസടച്ച് ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/497/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**